(ബി) അർഹരായ അപേക്ഷകർക്ക് ജില്ലാ റവന്യൂ അധികൃതർ സാമ്പത്തിക സഹായങ്ങൾ നൽകിയിട്ടുണ്ട്.

(സി) നിലവിൽ താലൂക്കിൽ ലഭിച്ച അപേക്ഷകളിൽ പെരിങ്ങത്തൂർ, പുത്തൂർ, പന്ന്യന്നൂർ വില്ലേജുകളിലെ അർഹരായവർക്കെല്ലാം സാമ്പത്തിക സഹായം അനുവദിച്ചിട്ടുണ്ട്.

വയനാട് ജില്ലയിലെ കർഷകരുടെ കാർഷിക കടങ്ങളുടെ പലിശ ഇളവു ചെയ്യാൻ നടപടി

23 [4998] ശ്രീ. എം. വി. ജയരാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലയെ വരൾച്ച ബാധിത പ്രദേശമായി പ്രഖ്യാപിക്കാൻ സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

(ബി) വരൾച്ച ബാധിത പ്രദേശങ്ങളിലെ കർഷകരുടെ കാർഷിക കടങ്ങൾക്കുള്ള പലിശ ഇളവുചെയ്യാൻ കേന്ദ്രസർക്കാർ തീരുമാനിച്ചിട്ടുള്ളതായി അറിയുമോ;

(സി) ഇത് സംബന്ധമായി കേന്ദ്രസർക്കാരിൽനിന്നും ഏതെങ്കിലും നിർദ്ദേശം സംസ്ഥാന സർക്കാരിന് ലഭിച്ചിട്ടുണ്ടോ;

(ഡി) എങ്കിൽ ഇതിൻമേൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ഇ) വരൾച്ച ബാധിത പ്രദേശമായി പ്രഖ്യാപിച്ച വയനാട് ജില്ലയിലെ കർഷകരുടെ കാർഷിക കടങ്ങളുടെ പലിശ ഇളവു ചെയ്യാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) വരൾച്ചബാധിത പ്രദേശമായി പ്രഖ്യാപിച്ചിട്ടുണ്ട്.

(ബി—ഡി) കാർഷിക കടങ്ങളുടെ പലിശ ഇളവ് ചെയ്യാനുള്ള കേന്ദ്ര നിർദ്ദേശം ലഭ്യമായിട്ടില്ല.

(ഇ) പരിശോധിച്ച് ഉചിതമായ നടപടി കൈക്കൊള്ളുന്നതാണ്.

"ശ്രീ. വേലുവിന് നൽകിയ ധനസഹായം"

24 [T4999] ശ്രീ. എ. എ. അസീസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രകൃതിക്ഷോഭം മൂലം വീട് തകർന്ന ഇരവിപുരം, മുണ്ടയ്ക്കൽ വില്ലേജിലെ കളിയിലിൽ പടിഞ്ഞാറ്റതിൽ ശ്രീ. എൻ. വേലുവിന് ദുരിതാശ്വാസ നിധിയിൽനിന്നും ധനസഹായം നൽകിയിട്ടുണ്ടോ;

(ബി) എങ്കിൽ എത്ര രൂപയാണ് ധനസഹായമായി നൽകിയതെന്നതിനെ സംബന്ധിച്ച വിശദാംശം വ്യക്തമാക്കുമോ?

.T മാറ്റിവയ്ക്കപ്പെട്ട ചോദ്യത്തെ സൂചിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly